## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1881 | 07.03.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് നടപടി

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
,, പി.ജെ.ജോസഫ്
,, മോൻസ് ജോസഫ്
ഡോ.എൻ. ജയരാജ് :

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകളിൽ ഉണ്ടായ തെറ്റുകൾ തിരുത്തുന്നതിന് എന്തെല്ലാം സംവിധാനമാണ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ ക്രമീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡിൽ തിരുത്തലുകൾക്ക് അപേക്ഷ എന്നുമുതൽ സ്വീകരിച്ചു തുടങ്ങും എന്നറിയിക്കാമോ; എത്ര ദിവസത്തിനകം കാർഡുടമകൾക്ക് പുതിയ കാർഡ് നൽകും എന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡ് വിഭജനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ വന്ന മാറ്റങ്ങൾ റേഷൻകാർഡുകളിൽ ഉൾപ്പെടുത്തുന്നതിനും റേഷൻകാർഡുകൾ ഇല്ലാത്തവർക്ക് പുതുതായി കാർഡുകൾ നൽകുന്നതിനും സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം (അനുബന്ധമായി ചേർത്തിരിക്കുന്നു) നൽകിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും സ്വയം ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും അക്ഷയ പോലെയുള്ള സ്ഥാപനങ്ങൾ മുഖാന്തിരം അപേക്ഷിക്കുന്നതിനും, തിരുത്തലുകൾ വരുത്തുന്നതിനും റേഷൻകാർഡ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ സജ്ജമാക്കുന്നതിന് NIC-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ വന്ന മാറ്റങ്ങൾ റേഷൻകാർഡുകളിൽ ഉൾപ്പെടുത്തുന്നതിനും റേഷൻകാർഡുകൾ ഇല്ലാത്തവർക്ക് പുതുതായി കാർഡുകൾ നൽകുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

1) മുൻഗണനാ പട്ടികയുടെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള റേഷൻകാർഡുകളുടെ പുന:ക്രമീകരണത്തിന് നിലവിലുള്ള റേഷൻകാർഡിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും നിർദ്ദിഷ്ട മുദ്ര പതിപ്പിച്ച് നൽകിയാൽ മതിയാകുന്നതാണ്.

2) നിലവിൽ സംസ്ഥാനത്തൊരിടത്തും റേഷൻകാർഡുകൾ ഇല്ലാത്തവർക്ക് പുതിയ റേഷൻകാർഡുകൾക്കുള്ള അപേക്ഷ ബോധിപ്പിക്കുന്നതിന് 2018 ഫെബ്രുവരി 15 മുതൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സ്വീകരിക്കാൻ തയ്യാറെടുപ്പ് പൂർത്തീകരിക്കേണ്ടതാണ്.

3) അപേക്ഷ സ്വീകരിക്കുമ്പോൾ എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും ഉണ്ടാകാനിടയുള്ള ജന ബാഹുല്യം കണക്കിലെടുത്ത് താലൂക്കിലെ രണ്ട് പഞ്ചായത്തുകൾക്ക് ഒരു നിശ്ചിത ദിവസം എന്ന വിധത്തിൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ക്രമീകരണം വരുത്തേണ്ടതാണ്. മുഴുവൻ പഞ്ചായത്തുകളും ഒരു വട്ടം എത്തിയതിനു ശേഷം വീണ്ടും അതേ പടി ക്രമീകരണം ആവർത്തിക്കാവുന്നതാണ്. ഈ പ്രവൃത്തി പരമാവധി രണ്ടു മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

4) നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയ സംഗതികളിൽ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്ക് ശേഷം പരിഗണിച്ചാൽ മതിയാകുന്നതാണ്.

5) റേഷൻകാർഡിൽ ചേർക്കേണ്ട കുടുംബ നാഥയുടെ ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയോടൊപ്പം സ്കാൻ ചെയ്ത് സമർപ്പിക്കുന്നത് ഫോട്ടോ ക്യാമ്പ് പോലെയുള്ള പരിപാടികൾ ഒഴിവാക്കി ചെലവ് ചുരുക്കുവാൻ സഹായിക്കും. ഇതിനുള്ള സത്യപ്രസ്താവനയുടെ മാതൃക പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ്.

6) നിലവിൽ സാങ്കേതിക കാരണങ്ങളാലും ഫോട്ടോ ഇല്ലാത്തതിനാലും റേഷൻ കാർഡുകൾ അച്ചടിക്കാൻ സാധിക്കാതെയുള്ള സംഗതികളിലും മേൽപ്പറഞ്ഞ പ്രകാരം ഫോട്ടോ സ്കാൻ ചെയ്ത് സമർപ്പിച്ചാൽ മതിയാകുന്നതാണ്.

7) ഓൺലൈനിൽ അപേക്ഷിച്ചാൽ 7 ദിവസത്തിനകം റേഷൻകാർഡ് നൽകാൻ സാധിക്കുന്ന സാങ്കേതിക സംവിധാനം NIC - യുമായി ആലോചിച്ച് തയ്യാറാക്കേണ്ടതാണ്.